
ക്രിസ്തീയ അടിസ്ഥാനങ്ങൾ പരിചയപ്പെടുക !



കൊച്ചു കുട്ടികൾക്കായി ക്രിസ്തീയ
വിശ്വാസ പാഠങ്ങൾ നിറഞ്ഞ ഒരു യാത്ര



ക്രിസ്തീയ അടിസ്ഥാനങ്ങൾ



1. ബൈബിൾ - ദൈവവചനം 2

2. ജീവനുള്ള ദൈവം 4

3. മനുഷ്യൻ - നമ്മുടെ യഥാർത്ഥ പ്രകൃതം 6

4. യേശുക്രിസ്തു 8

5. ക്രിസ്തുവിന്റെ മരണവും പുനരുത്ഥാനവും 10

6. പരിശുദ്ധാത്മാവ് 12

7. രക്ഷിക്കുന്ന വിശ്വാസം 14

8. സ്നാനം 16

9. സഭ 18

10. ഒരു ക്രിസ്ത്യാനിയായി ജീവിക്കുന്നത് 20

11. ഒരു ക്രിസ്ത്യാനിയായി വളരുന്നത് 22

12. ബൈബിൾ വായിക്കുന്നതും പ്രാർത്ഥിക്കുന്നതും 24

www.GraceChurch.co.uk, വെസ്റ്റർലീ (Westerleigh)

1. ബൈബിൾ - ദൈവവചനം



❶ ബൈബിൾ എന്താണ് അവകാശപ്പെടുന്നത്?

📖 2 തിമൊ. 3:15-16 വരെയുള്ള വാക്യങ്ങൾ നോക്കുക

(a) ദൈവ-പ്രേരിതം

(b) രക്ഷയ്ക്ക്വേണ്ട പരിജ്ഞാനം

(c) പരിശീലിപ്പിക്കാനും ഒരുക്കാനും കഴിയുന്നത്

❷ ബൈബിളിൽ എന്തെല്ലാമാണ് ഉൾപ്പെട്ടിരിക്കുന്നത്?

❸ ബൈബിൾ എന്തിനെക്കുറിച്ചാണെന്ന് മനസ്സിലാക്കാൻ ഒരു ബൈബിൾ കാലഘട്ട-രേഖ നോക്കുക...

❹ ഇത് ദൈവവചനമാണെങ്കിൽ, അതിന്റെ അർത്ഥം എന്താണ്?

📖 തീത്തൊസ് 1:1-3 വരെ നോക്കുക

❺ ബൈബിൾ എഴുത്തുകാർ എന്താണ് ചിന്തിച്ചിരുന്നതെന്ന് കാണുക...

(a) 📖 പുറപ്പാട് 34:27

(b) 📖 സങ്കീർത്തനങ്ങൾ 19:7-11

(c) 📖 2 തിമൊഥെയൊസ് 3:16

❻ യേശുവിന്റെ പക്കൽ ബൈബിളിന്റെ ഏത് ഭാഗമാണ് ഉണ്ടായിരുന്നത്? അവിടുന്ന് അത് എങ്ങനെയാണ് ഉപയോഗിച്ചത്?...

(a) 📖 യോഹന്നാൻ 17:12,17

(b) 📖 മത്തായി 5:17-18

(c) 📖 മത്തായി 4:1-11

(d) 📖 യോഹന്നാൻ 7:16-17, 16:13-14 എന്നിവ

7 ബൈബിൾ നമുക്ക് എങ്ങനെയാണ് ലഭിച്ചത്?

📖 2 പത്രോസ് 1:19-21 വരെ നോക്കുക

8 "ബൈബിൾ സത്യമെന്ന് കാണിക്കുന്ന മറ്റു കാര്യങ്ങൾ എന്തൊക്കെ?

(a) യഥാർത്ഥത്തിൽ സംഭവിച്ച കാര്യങ്ങൾ അത് മുൻകൂട്ടി പ്രവചിച്ചു (നിവർത്തിയായ പ്രവചനങ്ങൾ) 📖 യെശ. 53

(b) ഇത് ഒരു ഒറ്റ പുസ്തകമായി സംസാരിക്കുന്നു

(c) അത് അവകാശപ്പെടുന്നതുപോലെ തന്നെ പ്രവർത്തിക്കുന്നു - ആളുകളെ രക്ഷയ്ക്കായി ജ്ഞാനമുള്ളവരാക്കുന്നു


9 നാം എങ്ങനെയാണ് ബൈബിൾ ഉപയോഗിക്കേണ്ടത്?

10 പ്രായോഗികമായി ഇത് വായിക്കാൻ നമ്മെ സഹായിക്കുന്നത് എന്തൊക്കെ?

(a) പ്രാർത്ഥന - എന്തിന്?

(b) ബൈബിൾ പഠന കുറിപ്പുകൾ

(c) പുസ്തകങ്ങൾ



യേശു പറഞ്ഞത് ഓർക്കുക:

'എന്റെ ആടുകൾ എന്റെ ശബ്ദം കേൾക്കുന്നു... അവ എന്നെ അനുഗമിക്കുന്നു...' യോഹന്നാൻ 10:27

2. ജീവിക്കുന്ന ദൈവം

❶ ദൈവത്തെ അറിയേണ്ടത് പ്രധാനമായും എന്തുകൊണ്ട്?

📖 യോഹന്നാൻ 17:3 എടുത്ത്, അതിൽ യേശു എന്താണ് പറയുന്നതെന്ന് കാണുക

ആളുകൾക്ക് എങ്ങനെ ദൈവത്തെ അറിയാൻ കഴിയും?

❷ (a) 📖 റോമർ 1:18-20

(b) 📖 റോമർ 2:14-15

(c) 📖 2 തിമൊഥെയൊസ് 3:16

(d) 📖 എബ്രായർ 1:1-3

ദൈവം എങ്ങനെയുള്ളവനാണെന്നാണ് ബൈബിൾ പറ

❸ യുന്നത്?

(a) ദൈവം ---------- ആകുന്നു 📖 യോഹ. 4: 24

(b) ദൈവം ഒരു ---------- ആകുന്നു 📖 പുറ. 3:14-15

(c) ദൈവം ---------- ആകുന്നു 📖 ആവ. 6:4

(d) ദൈവം ---------- ആകുന്നു 📖 മത്താ. 28:19

ദൈവം ബന്ധങ്ങളിൽ - ദൈവത്തെ ഒരു ബന്ധത്തിന്റെ

❹ അടിസ്ഥാനത്തിലാണ് നിർവചിച്ചിരിക്കുന്നത്, ഉദാഹരണമായി: പിതാവ്, ഇടയൻ.'

(a) 📖 സങ്കീർത്തനങ്ങൾ 23:1

(b) 📖 മലാഖി 2:10

❺ ദൈവത്തിന്റെ ഗുണങ്ങൾ

നിങ്ങൾ പൊക്കം കുറഞ്ഞവരോ/ പൊക്കമുള്ളവരോ/ സംഭാഷണ പ്രിയരോ/ മിണ്ടാതിരിക്കുന്നവരോ ആകാം... ദൈവം എങ്ങനെയുള്ളവൻ? (ഓരോ ഗുണത്തിനും അനുയോജ്യമായ ബൈബിൾ വാക്യം പൊരുത്തപ്പെടുത്തുക)

ദൈവം...	...സ്നേഹമാകുന്നു •
	...പരിശുദ്ധനാകുന്നു •
	...എല്ലാം അറിയുന്നവനാകുന്നു •
	...സർവ്വശക്തനാകുന്നു •

• യെശയ്യാവ് 6:3
• യോഹന്നാൻ 4:8-9
• എബ്രായർ 4:13
• യെശയ്യാവ് 28:29

❻ ദൈവം എങ്ങനെയുള്ളവൻ എന്ന് നിങ്ങളോട് പറയുന്ന മറ്റു പദങ്ങൾ ചിന്തിക്കുക...

❼ അത്തരം ഒരു ദൈവത്തെ ഒരാൾക്ക് എങ്ങനെ അറിയാം, സമീപിക്കാം?

നമുക്ക് എന്താണ് ആവശ്യം?

(a) 📖 1 തിമൊഥെയൊസ് 2:5

(b) 📖 എബ്രായർ 4:12-16

❽ "ദൈവം ഇത്ര മഹത്ത്വവാൻ ആയതിനാൽ ക്രിസ്തു വിശ്വാസികൾക്ക് എങ്ങനെ തന്നെ സമീപിക്കാം?


നിങ്ങൾ എപ്പോഴാണ് അവിടുത്തെ സമീപിക്കുന്നത്?

ആ വാക്യങ്ങളിൽ എന്താണ് എഴുതുക

(a) 📖 എബ്രായർ 12:28

(b) 📖 സങ്കീർത്തനങ്ങൾ 100

3. മനുഷ്യൻ - തനി സ്വഭാവം



❶ മനുഷ്യൻ... (a) ദൈവത്താൽ — — — — ആകുന്നു
(b) ദൈവത്തിന്റെ — — — — — ൽ സൃഷ്ടിച്ചു
(c) വലിയ — — — — — ഉണ്ട്

മനുഷ്യന്റെ ഏറ്റവും അടുത്ത ബന്ധു കുരങ്ങല്ല, ദൈവമാണ്.

📖 ഉല്പത്തി 1:26-27, 31

❷ ദൈവഛായയിൽ സൃഷ്ടിക്കപ്പെടുക എന്നാൽ അർത്ഥം?

- നാം ആരാണ് 📖 എഫെ. 4:24; കൊലൊ. 3:10;
- നാം ആരുമായി ചങ്ങാത്തം കൂടുന്നു 📖 1യോഹ. 4:7-11

ഇപ്പോഴും, മനുഷ്യന് ദൈവത്തെപ്പോലെ അമർത്യതയും ആത്മീയതയുമുണ്ട്. അവന് ചിന്തിക്കാനാവും, ധാർമ്മികബോധമുണ്ട്, അവൻ സൃഷ്ടിപരമാണ്. അവന് സ്നേഹിക്കാനാവും.

❸ **ഇന്ന് നാം എങ്ങനെ ഈ ആശയം നടപ്പാക്കും?** 📖 ഉല്പ. 9:5-6

നാമെല്ലാവരും ദൈവത്തിന്റെ ഛായയിൽ സൃഷ്ടിക്കപ്പെട്ടതു കൊണ്ട്, ജീവാരംഭം മുതൽ അന്ത്യം വരെ നമ്മിലോരോരുത്തർക്കും അന്തസ്സും വിലയുമുണ്ട്.

മനുഷ്യന്റെ ആദ്യ സ്ഥിതിയിൽ മരണമില്ലാത്ത പരിശുദ്ധനും, പൂർണ്ണനും, സ്വതന്ത്രനും ദൈവകല്പനകൾ പാലിക്കാൻ പ്രാപ്തനുമായിരുന്നു. 📖 ഉല്പ. 1:31

❹ **എന്തുകൊണ്ടാണ് ഇതെല്ലാം മാറിയത്?**

- ദൈവം വെച്ച വ്യവസ്ഥകൾ വായിക്കുക 📖 ഉല്പ. 2:16-17
- ആദാമും ഹവ്വായും എങ്ങനെ മറുതലിച്ചു 📖 ഉല്പ. 3: 1-24

❺ **വീഴ്ചയുടെ ഫലങ്ങൾ എന്തെല്ലാമായിരുന്നു?**

(a) തകർന്ന ബന്ധങ്ങൾ

- ലജ്ജ 📖 ഉല്പ. 3:7 - മനുഷ്യർ തമ്മിൽ.
- കുറ്റബോധം 📖 ഉല്പ. 3:8 - ദൈവവുമായി.

(b) അവരുടെമേലുള്ള ദൈവത്തിന്റെ ശാപം
📖 ഉല്പ. 3:14-19, സൃഷ്ടിയുമായുള്ള തകർന്ന ബന്ധം

...എന്നാൽ പ്രത്യാശയുടെ ലക്ഷണം കാണുക 📖 ഉല്പ. 3:15

❻ **എന്താണ് പാപം?** അത് ദൈവത്തോടുള്ള ബന്ധത്തിൽ കാണണം.

📖 റോമർ 3:23 ➔

📖 1 യോഹന്നാൻ 3:4 ➔

📖 യാക്കോബ് 4:17 ➔

📖 റോമർ 14:23 ➔

❼ **പാപം നമ്മിൽ താഴെ പറയുന്ന ഫലങ്ങൾ ഉണ്ടാക്കുന്നു:**

(a) നാം ആത്മീയമായി മരിച്ചു - അതിനാൽ ദൈവത്തോട് പ്രതികരിക്കാൻ കഴിയുന്നില്ല. 📖 എഫെ. 2:1-3.

(b) പ്രകൃത്യാ നാം പാപികളാണ് - നമ്മുടെ ഹൃദയം പാപം നിറഞ്ഞതാണ്, അതിനാൽ നാം പാപം ചെയ്യുന്നു. 📖 യിരെ. 17:9; മത്താ. 15:16-20

(c) നാം എല്ലാവരും പാപികളാണ്. 📖 റോമർ 3:23

❽ **"പാപത്തിന്റെ ഫലമായി:** (a) ദൈവക്രോധം. 📖 യോഹ. 3:36

(b) മരണം. 📖 റോമ. 6:23

(c) നിത്യശിക്ഷ. 📖 മത്താ. 25:46

പാപം ദുഷിപ്പ്, കുറ്റബോധം, ശിക്ഷാവിധി, മരണം എന്നിവ ഉണ്ടാക്കുന്നു. അത് നമ്മുടെ ജീവിതത്തെ ആകമാനം ബാധിക്കുന്നു. ഈ അവസ്ഥയെ ചിലപ്പോൾ 'പൂർണ്ണമായ അധഃപതനം' എന്ന് വിളിക്കും

പാപികളായ നാം എത്ര നിസ്സഹായരും ആശാരഹിതരുമാണ്! നാം രക്ഷിക്കപ്പെടണമെങ്കിൽ ദൈവസഹായം എത്രമാത്രം ആവശ്യം!

നാം ശക്തിയില്ലാത്തവരാണ്, എന്നാൽ ദൈവത്തിന് ——— ——————————————— കഴിയും (📖 എബ്രാ. 7:25)

• നിങ്ങളെത്തന്നെ ഒരു പാപിയായി കാണുകയും, ദൈവവുമായി നല്ല ബന്ധത്തിലല്ല എന്ന യാഥാർത്ഥ്യം അറിയുകയും ചെയ്യുന്നുവെങ്കിൽ, നിങ്ങൾ എന്ത് ചെയ്യണമെന്നാണ് ബൈബിൾ പറയുന്നതെന്ന് നോക്കുക... ——————————— ——————————————————— (📖 അപ്പൊ. 16:29-31)

• ദൈവം നമ്മെ രക്ഷിച്ചുവെങ്കിൽ നാം നന്ദികാട്ടണം. ഇവിടെ ——————————— യാതൊരു സ്ഥാനവുമില്ല

(📖 1 കൊരി. 1:27-31).

4. യേശു ക്രിസ്തു

ക്രിസ്ത്യാനികൾ ക്രിസ്തുവിനെ അനുഗമിക്കുന്നവരാണ് - അവിടുന്നാണ് നമ്മുടെ വിശ്വാസത്തിന്റെ കേന്ദ്രകഥാപാത്രം, അതിനാൽ താൻ ആരാണെന്ന് നാം മനസ്സിലാക്കേണ്ടത് പ്രധാനമാണ്.

❶ **അവിടുത്തെ സ്ഥാനനാമം പദവി കർത്താവായ യേശുക്രിസ്തു എന്നാണ്.**

ഉദാഹരണമായി 📖 എഫെ. 1:3. ഈ വാക്കുകളുടെ അർത്ഥം എന്താണെന്ന് എഴുതുക...

(a) കർത്താവ് = ——————————— 📖 സങ്കീ. 97:5; ഫിലി. 2:11; ലൂക്കൊ. 2:11

(b) യേശു = ——————————— 📖 മത്താ. 1:21

(c) ക്രിസ്തു = ——————————— 📖 ദാനീ. 9:25-26; മത്താ. 16:16

❷ **യേശു ദൈവമാണെന്നും, പിതാവായ ദൈവത്തിന്റെ പുത്രനാണെന്നും ബൈബിൾ പഠിപ്പിക്കുന്നു**

നാമങ്ങളും പദവികളും പൂർണ്ണ ദൈവത്വത്തെ കാണിക്കുന്നു (*ദൈവത്വം = 'ദൈവമായിരിക്കുക' എന്ന അവസ്ഥ)

പഴയനിയമത്തിലെ 'കർത്താവ്' എന്ന പദവി പുതിയ നിയമത്തിൽ യേശുവിന് നൽകിയിരിക്കുന്നു — ഉദാഹരണമായി, 📖 സംഖ്യാ. 21:5-7, യെശ. 6:1-10, 1 കൊരി. 10:9, 21, യോഹന്നാൻ 12:37-41.

(a) **അവിടുത്തെ 'ദൈവം' എന്ന് വിളിക്കുന്നു** 📖 യോഹ. 1:1

(b) **ദൈവത്തിന്റെ ഗുണങ്ങൾ തന്നിൽ ആരോപിക്കപ്പെട്ടിരിക്കുന്നു** 📖 യോഹന്നാൻ 1:3

(c) **ദൈവത്തിന്റെ പ്രവൃത്തികൾ അവിടുത്തേതാണെന്ന് സ്ഥാപിക്കപ്പെടുന്നു** 📖 യോഹ. 5:20-23

(d) **അവിടുത്തേക്ക് ആരാധന നൽകപ്പെടുന്നു** 📖 യോഹ. 5:20-23, വെളി. 5:13-14

ക്രിസ്തുവിന്റെ ദൈവത്വത്തെ വിവരിക്കുമ്പോൾ, വിശ്വാസപ്രമാണങ്ങൾ അതിനെ ഇങ്ങനെ പറയുന്നു: 'ക്രിസ്തു..., പിതാ

വിനോട് താദാത്മ്യത്തിലും സ്വഭാവത്തിലും ഒരുപോലെയുള്ള വനും, തുല്യനും, നിത്യനുമാണ്; താൻ ജനിച്ചവനാണ്, സൃഷ്ടിക്കപ്പെട്ടവനല്ല.'

യേശു പൂർണ്ണ മനുഷ്യനാണെന്ന് ബൈബിൾ പഠിപ്പിക്കുന്നു 📖 യോഹ. 1:14;

(a) അവിടുത്തേക്ക് നമ്മുടേതുപോലുള്ള ഒരു ———— ഉണ്ടായിരുന്നു 📖 മത്താ. 26:26-28

(b) തനിക്ക് ഒരു ———————— ഉണ്ടായിരുന്നു 📖 മത്താ. 26 : 38

(c) കർത്താവിന് മാനുഷികമായ ———————— ഉണ്ടായിരുന്നു 📖 യോഹ. 11:33-35

(d) അവിടുന്ന് ---------- ആയിരുന്നു 📖 ഗലാ. 4:4

❹ ക്രിസ്തു ദൈവമാകേണ്ടത് എന്തുകൊണ്ടായിരുന്നു? 📖 സങ്കീ. 49:7-10 ->

❺ അവിടുന്ന് മനുഷ്യനുമാകേണ്ടിയിരുന്നത് എന്തുകൊണ്ട്? 📖 എബ്രാ. 2:14-17 ->

പഠിക്കാനൊരു സംഗ്രഹം

യേശുക്രിസ്തു:
പൂർണ്ണ ദൈവം, പിതാവിനു തുല്യനെങ്കിലും, പൂർണ്ണ മനുഷ്യനും നമ്മേപ്പോലെ മനസ്സും ആത്മാവും മാംസവും രക്തവുമുള്ളവനെങ്കിലും ഒരേ ആളത്വം,
കർത്താവായ യേശു ക്രിസ്തുവിന് ഈ വിധ പ്രകൃതം ഉണ്ടായിരുന്നു

❻ **ഈ രക്ഷകന്റെ ജീവിതത്തെക്കുറിച്ച് ചിന്തിക്കുക...**

അവിടുത്തെ ———————— 📖 മത്താ. 1

ഒരു ———————— എന്ന നിലയിലുള്ള തന്റെ കാലം, & 📖 ലൂക്കൊ. 2:52

അവിടുത്തെ ഉപദേശങ്ങളും അത്ഭുതങ്ങളും📖 മത്താ. 7:28-29; യോഹ. 11:38-47

തന്റെ മരണവും പുനരുത്ഥാനവും,📖 മത്താ. 27 ഉം 28 ഉം

അവിടുത്തെ സ്വർഗ്ഗാരോഹണം,📖 അപ്പൊ. 1 :1-11

5. ക്രിസ്തുവിന്റെ മരണവും പുനരുത്ഥാനവും

ഈ രണ്ട് ചരിത്രസംഭവങ്ങളും ക്രിസ്തീയ വിശ്വാസത്തിന്റെ കേന്ദ്രമാണ്. പഴയനിയമ എഴുത്തുകാരും സാക്ഷാൽ ക്രിസ്തുവും ഇത് മുൻകൂട്ടി പ്രവചിച്ചിരുന്നു. 📖 യെശ. 53, മർക്കൊ. 8:31-32.



❶ **ക്രിസ്തുവിന്റെ മരണം ആവശ്യമായിരുന്നത് എന്തുകൊണ്ട്?**

(a) ദൈവം പാപത്തെ വെറുക്കുന്നു
📖 റോമ. 1:18

(b) പാപം മരണത്തിലേക്ക് നയിക്കുമെന്ന് ദൈവം പറഞ്ഞു
📖 റോമ. 6:23

(c) പാപക്ഷമയ്ക്ക് മരണം ആവശ്യമാണെന്ന് ബൈബിൾ പറയുന്നു 📖 എബ്രാ. 9:22

❷ കുരിശിലെ ക്രിസ്തുവിന്റെ മരണം എന്ത് നേടിത്തന്നു?
4 **നീണ്ട** പദങ്ങൾ! അവയുടെ അർത്ഥം എന്താണെന്ന് എഴുതുക...

(a) പ്രായശ്ചിത്തം =
📖 റോമ. 3:25


(b) പകരക്കാരൻ =
📖 യോഹ. 1:29; 1 പത്രൊ. 2:24

പഴയനിയമ ഉദാഹരണം, 📖 ലേവ്യ. 1 :4
'ഒരു പാപിയുടെ സ്ഥാനത്ത് ഒരു മൃഗം മരിച്ചു'

(c) അനുരഞ്ജനം =
📖 2 കൊരി. 5:18-21

(d) വീണ്ടെടുപ്പ് =
📖 മർക്കൊസ് 10:45; എഫെസ്യർ 1:7

യേശു മരിച്ചു, തന്റെ ശരീരം കല്ലറയിൽ അടക്കപ്പെട്ടു, അതേ ശരീരം തന്നെ മരിച്ചവരിൽനിന്ന് ഉയിർത്തെഴുന്നേറ്റ് കല്ലറയിൽനിന്ന് പുറത്തുവന്നു!



അതൊരു ഭൗതിക ശരീരമായിരുന്നു, അത് പഴയതിന്റെ തുടർച്ചയായിരുന്നെങ്കിലും വ്യത്യസ്തമായിരുന്നു.

📖 ലൂക്കൊ. 24:1-8, 36-48

❸ 📖 1 കൊരിന്ത്യർ 15:1-8 - ൽ പുനരുത്ഥാനത്തെക്കുറിച്ച് പൗലൊസ് എന്താണ് പറയുന്നത്?

(a)

(b)

(c)

(d)

❹ **പുനരുത്ഥാനം പ്രധാനമായിരിക്കുന്നത് എന്തുകൊണ്ട്?**

(a) ക്രിസ്തു ആരാണെന്ന് അതു നമ്മോടു പറയുന്നു — — — — —, 📖 റോമ. 1:4

(b) ക്രിസ്ത്യാനികൾ രക്ഷിക്കപ്പെടുമ്പോൾ അവർക്ക് എന്ത് — — — — എന്ന് ഇത് അവരോട് പറയുന്നു. 📖 റോമ. 6:1-9

(c) ഒരു ദിവസം അവർക്കും യേശുവിനെപ്പോലെ ഉയിർത്തെഴുന്നേറ്റ ഒരു --- --- --- --- ഉണ്ടാകുമെന്ന് ഇത് ക്രിസ്തുവിശ്വാസികളോട് പറയുന്നു. 📖 ഫിലി. 3:20-21

(d) ഇത് ക്രിസ്ത്യാനിയെ --- --- --- --- കൊണ്ട് നിറയ്ക്കുന്നു. 📖 1 പത്രൊ. 1 :3

6. പരിശുദ്ധാത്മാവ്



നാം തുടങ്ങുന്നതിനുമുമ്പ്, "പരിശുദ്ധാത്മാവ്" എന്ന വാക്കു കേൾക്കുമ്പോൾ നിങ്ങളുടെ മനസ്സിലേക്ക് എന്താണ് വരുന്നത്?

അവിടുത്തെ ആളത്വം...

❶ **പരിശുദ്ധാത്മാവ് ഒരു --- --- --- ആകുന്നു.**
അവിടുത്തെ ഒരു ശക്തിയായോ ഊർജ്ജമായോ ചിന്തിക്കാതിരിക്കണം. തന്നെ ഒരു ആളത്വമായാണ് പരാമർശിച്ചിരിക്കുന്നത്. 📖 യോഹ. 15:26
(യോഹന്നാൻ 16:13-14; എബ്രായർ 3:7 എന്നിവ കാണുക)

❷ **പരിശുദ്ധാത്മാവ് ഒരു --- --- --- --- --- വ്യക്തിയാകുന്നു.**
അവിടുന്ന് ദൈവമാണെന്ന് പറഞ്ഞിരിക്കുന്നു. 📖 അപ്പൊ. 5:3-4
(1 കൊരി. 3:16, 12:3-6 എന്നിവയും കാണുക)

...അവിടുത്തെ പ്രവൃത്തിയും

❸ പരിശുദ്ധാത്മാവിനെ ക്രിസ്തു വിശ്വാസികൾക്ക് --- --- --- --- --- --- 📖 യോഹ. 14:16-26, യോഹ. 16:7

❹ വാഗ്ദത്തം പോലെ പെന്തെക്കൊസ്തുനാളിൽ പരിശുദ്ധാത്മാവിനെ --- --- --- --- 📖 അപ്പൊ. 1:4-5; 2:1-13.

❺ പരിശുദ്ധാത്മവ്യാപാരത്തെ ഇങ്ങനെ അവതരിപ്പിക്കുന്നു:

- പിതാവ് പ --- തി ഇടുന്നു.
- പുത്രൻ ആ പദ്ധതി ന --- പ്പാ --- ന്നു.
- ആത്മാവ് ക്രിസ്തു പ്രവൃത്തി യോ --- --- --- ന്നു. 📖 1 പത്രൊ. 1:2

❻ ആത്മാവിന്റെ ചില പ്രവൃത്തികൾ താഴെ പറയുന്നു...
(a) സൃഷ്ടിപ്പിൽ 📖 ഉല്പ. 1:2-3
(b) ദൈവസത്യം അറിയിക്കുന്നതിൽ 📖 2 തിമൊ. 3:15-16

(c) ക്രിസ്തുനെ ചൂണ്ടിക്കാട്ടുന്നതിൽ 📖 യോഹ 16:13-14

(d) **മനുഷ്യരിൽ (ധാരാളം)** ↑ **പ്രവൃത്തികൾ**

- താൻ പുതുജനനം സാധ്യമാക്കുന്നു 📖 യോഹ. 3:1-8;
- ...ഗ്രഹണശേഷി നൽകുന്നു 📖 1 കൊരി. 2:4
- ...അതിന്റെ ഫലം - വിശുദ്ധി 📖 ഗലാ. 5:22-26
- ...വിശ്വാസികളെ നിറയ്ക്കുന്നു 📖 എഫെ. 5:18
- ...വിശ്വാസികൾക്ക് വരങ്ങൾ നൽകുന്നു 📖 1 കൊരി. 12:4-7
- ...പ്രാർത്ഥനയിൽ സഹായിക്കുന്നു 📖 എഫെ. 2:18, റോമ. 8:26

ക്രിസ്തു പ്രവർത്തി, വിശ്വാസികളിൽ നടപ്പാക്കുന്നു.

● ചിന്തിക്കേണ്ട ചോദ്യങ്ങൾ (നിങ്ങളുടെ പിതാവിനെ ശ്രദ്ധിക്കുക)

(a) പരിശുദ്ധാത്മാവില്ലാതെ നിങ്ങൾക്ക് ഒരു ക്രിസ്ത്യാനിയാകാൻ കഴിയുമോ? 📖 റോമർ 8:9

(b) ദൈവാത്മാവ് ക്രിസ്ത്യാനികളിൽ വസിക്കുന്നുണ്ടോ? 📖 1 കൊരിന്ത്യർ 3:16, 6:18-20

(c) ദൈവാത്മാവ് നിങ്ങളിൽ പുതുജനനം വരുത്തിയോ എന്ന് എങ്ങനെ അറിയാം? 📖 യോഹ. 3:1-15

നമുക്ക് പരിശുദ്ധാത്മാവുണ്ടെന്ന് എങ്ങനെ പറയാം? അത് വികാരമല്ല ശക്തിയുമല്ല (📖 1 കൊരി. 13:1-3), വ്യത്യസ്തമായ ഒരു ജീവിതവും, ക്രിസ്തു വിശ്വാസവും ഉള്ളവൻ. 📖 ഗലാത്യർ 3:14, 5:22-23; 2 പത്രോസ് 1:3-11

സംഗ്രഹം — പരിശുദ്ധാത്മാവ് ഒരു വ്യക്തിയെ ക്രിസ്തു വിശ്വാസത്തിലേക്ക് നയിക്കുകയും പുതുജീവൻ നൽകുകയും ചെയ്യുന്നു. ക്രിസ്തുവിനോടു ചേരുമ്പോഴുള്ള നന്മകൾ പ്രദാനംചെയ്യുന്നു. അവിടുന്നു വിശ്വാസിയെ ക്രിസ്തു ശരീരത്തോടു ചേർക്കുന്നു. അവിടുന്നു വിശ്വാസിയിൽ വസിച്ച് മുദ്രയിടുന്നു. ഒരു പാപിയിൽ പരിശുദ്ധാത്മാവ് വസിക്കുമ്പോൾ കൃപയിലും ജീവിത വിശുദ്ധിയിലും ഫലം പുറപ്പെടുവിക്കുന്നു. പരിശുദ്ധാത്മാവ് ക്രിസ്തു വിശ്വാസിയെ വിവിധ വരങ്ങൾ നൽകി സേവനത്തിനായി ശക്തീകരിക്കുന്നു.

7. രക്ഷാകരമായ വിശ്വാസം

പിതാവിന്റെ സ്നേഹവും, കുരിശിലെ പുത്രന്റെ പ്രവൃത്തിയും, അത് നമ്മിൽ പ്രായോഗികമാക്കുന്ന പരിശുദ്ധാത്മാവിന്റെ ദൗത്യവും നാം കണ്ടു. ഇനി അത് നമ്മിലുണ്ടാക്കുന്ന ഫലങ്ങൾ നമുക്കു നോക്കാം.

ഒരു ക്രിസ്ത്യാനിയാകുന്നതിന് ദൂരവ്യാപകമായ ഫലങ്ങളുണ്ട്. ഇതിനെ പലപ്പോഴും മാനസാന്തരം എന്ന് വിളിക്കുന്നു.

❶ **എന്താണ് മാനസാന്തരം?** അതിനർത്ഥം --- --- --- --- --- എന്നാണ്.
ഒരേ സമയം നിരവധി കാര്യങ്ങൾ സംഭവിക്കുന്നു.

ബൈബിളിലെ മാനസാന്തരത്തിന്റെ ഉദാഹരണങ്ങൾ			
മനശ്ശെ	📖 2 ദിന. 33	കാരാഗൃഹപ്രമാണി	📖അപ്പൊ. 16:31
സക്കായി	📖ലൂക്കൊ. 19:8-9	കൊർന്നേല്യൊസ്	📖അപ്പൊ. 10:44
ലൂദിയ	📖അപ്പൊ. 16:14	പൗലൊസ്	📖അപ്പൊ. 9:5

ഈ മാറ്റത്തിലെ അല്ലെങ്കിൽ തിരിവിലേക്കുള്ള <u>രണ്ട് ഘടകങ്ങൾ</u> നമുക്ക് നോക്കാം...

❷ബൈബിളിൽ, **<u>അനുതാപം</u>** എന്നാൽ *'മനസ്സിന്റെ ഒരു --- --- --- --- ---, ഒരു മടങ്ങിവരവ്"* എന്നാണ് അർത്ഥമാക്കുന്നത്. ഇതിൽ കഴിഞ്ഞകാല പാപങ്ങളെക്കുറിച്ചുള്ള ദുഃഖവും ഉൾപ്പെടുന്നു.

'ജീവപ്രാപ്തിക്കായുള്ള മാനസാന്തരം ദൈവം നൽകുന്നതാണ് (📖 *അപ്പൊ. 11 :18). പാപിക്ക് തന്റെ പാപത്തെക്കുറിച്ച് ശരിയായ ബോധം ഉണ്ടാകുന്നു* (📖 *അപ്പൊ. 2:37), ക്രിസ്തുവിലുള്ള ദൈവത്തിന്റെ കരുണ മനസ്സിലാക്കി, ക്രിസ്തുവിനെ തന്റെ രക്ഷകനായി വിശ്വസിക്കുന്നു. അവൻ പാപത്തെ വെറുക്കുകയും അതിൽനിന്ന് പിൻവാങ്ങി ദൈവത്തിങ്കലേക്ക് തിരിയുകയും ചെയ്യുന്നു. അവൻ ഇപ്പോൾ ദൈവത്തെ അനുസരിക്കാൻ ദൃഢനിശ്ചയം ചെയ്തിരിക്കുന്നു.'*

❸ അനുതാപത്തിൽ ഉൾപ്പെടുന്നത്:

(a) നിങ്ങൾ ഒരു പാപിയാണെന്ന് ദൈവമുമ്പാകെ --- --- --- --- ---. 📖ലൂക്കൊ. 15:18

(b) ആ പാപത്തെയോർത്ത് ദുഃ --- --- ---📖സങ്കീ. 51:2-4, 14

(c) ദൈവത്തോട് പാപം ഏ --- പ --- യുക, ഒപ്പം ക്ഷമ ചോദിക്കുകയും ചെയ്യുക. 📖 അപ്പൊ. 2:38

❹ ***രക്ഷാകരമായ വിശ്വാസം*** - യേശുക്രിസ്തുവിലുള്ള വിശ്വാസം ദൈവത്തിന്റെ ദാനമാണ് 📖 എഫെ. 2:8), അതിൽ സുവിശേഷത്തിൽ നമുക്ക് വാഗ്ദാനം നൽകിയിരിക്കുന്നതുപോലെ, രക്ഷയ്ക്കായി നാം യേശുവിനെ മാത്രം സ്വീകരിക്കുകയും തന്നിൽ ആശ്രയിക്കുകയും ചെയ്യുന്നു.

മറ്റെല്ലാം ഉപേക്ഷിച്ച് ഞാൻ കർത്താവിൽ ആശ്രയിക്കുന്നു	
(a) നിങ്ങൾ സത്യം അ --- --- --- ---	📖എബ്രാ. 11 : 1,6)
(b) അത് സത്യമെന്ന് നിങ്ങൾ വി --- --- ---	📖യോഹ. 3:16, 18,36
(c) നിങ്ങൾ നിങ്ങളെത്തന്നെ യേശു വിന് സ --- --- --- --- --- .	📖റോമർ 10:9-13, അപ്പൊ. 16:30-31



സുവിശേഷത്തിന്റെ സത്യത്തെക്കുറിച്ച് നിങ്ങളെ ബോധ്യപ്പെടുത്തുകയും, നിങ്ങളുടെ രക്ഷയ്ക്കായി യേശുക്രിസ്തുവിൽ മാത്രം ആശ്രയിക്കാൻ നിങ്ങളെ പ്രേരിപ്പിക്കുകയും ചെയ്ത, പരിശുദ്ധാത്മാവിനാൽ നിങ്ങളുടെ ഹൃദയത്തിൽ ഉണ്ടായ ആ ഉറപ്പുള്ള ആശ്രയമായ രക്ഷാകരമായ വിശ്വാസം നിങ്ങൾക്ക് ലഭിച്ചിട്ടുണ്ടോ?

❺ **നാം ക്രിസ്തുവിൽ വിശ്വസിക്കുമ്പോൾ ഒരേ സമയം എന്താണ് സംഭവിക്കുന്നത്?**

(a) ക്രിസ്തുവുമായുള്ള ഐക്യം. 📖 റോമർ 6:1-8

(b) പാപത്തിൽനിന്ന് സമൂല വേർപാട്. 📖 റോമർ 6:1-8

(c) നീതീകരണം! **എന്താണ് നീതീകരണം?**

നീതീകരണം ദൈവത്തിന്റെ ഒരു ദാനമാണ്. അതിൽ അവിടുന്ന് നമ്മുടെ സകല പാപങ്ങളും ക്ഷമിക്കുകയും, ക്രിസ്തുവിന്റെ നീതി നമ്മുടെ മേൽ കണക്കിടുകയും നാം അത് വിശ്വാസത്താൽ മാത്രം സ്വീകരിക്കുകയും ചെയ്യുന്നതുകൊണ്ട്, അവിടുത്തെ ദൃഷ്ടിയിൽ നമ്മെ നീതിമാന്മാരായി അംഗീകരിക്കുകയും ചെയ്യുന്നു. 📖 റോമർ 3:21-26

8. സ്നാനം



❶ 📖 മത്തായി 28:18-20 വരെ വായിക്കുക

ഒരു ശിഷ്യൻ യേശുവിന്റെ അനുയായി ആണ്! യേശു പറഞ്ഞു: ക്രിസ്ത്യാനിയാകുവാൻ സ്നാനം (വെള്ളത്തിൽ മുങ്ങി) ഏൽക്കണം. പിതാവിന്റെയും പുത്രന്റെയും പരിശുദ്ധന്റെയും നാമത്തിൽ.

വെള്ളം ഒരാളെ ക്രിസ്ത്യാനിയാക്കുമോ? ഇല്ല - അത് പരിവർത്തനത്തിന്റെ **അടയാളമാണ്**, സ്ഥിരീകരണത്തിന്റെ **മുദ്ര**.

> സ്നാനം ഒരു കല്പനയാണ്, കാരണം യേശു അത് 'കല്പിച്ചതാണ്.' മറ്റൊന്ന് തിരുവത്താഴമാണ്. യേശുവിൽ ആശ്രയിച്ച് അനുഗമിക്കുന്ന ക്രിസ്ത്യാനികൾ ഇത് പതിവായി എടുക്കുന്നു. സ്നാനത്തെയും തിരുവത്താഴത്തെയും കൂദാശകൾ എന്ന് വിളിക്കാറുണ്ട്.

❷ 📖 റോമർ 6:3-4 വരെ വായിക്കുക

സ്നാനം **യേശുവിന്റെ** മരണത്തെയും ഉയിർപ്പിനേയും സൂചിപ്പിക്കുന്നു. പഴയ ജീവിതത്തിൽ നിന്നുള്ള വേർപാടാണിത്. യേശുവിനെ അനുഗമിച്ച് ദൈവേഷ്ടപ്രകാരം ക്രിസ്ത്യാനികൾ ജീവിക്കണം. അവർക്ക് അത്ഭുതകരമായ ഒരു ഭാവിയുണ്ട്, **പുനരുത്ഥാനം**!

❸ 📖 അപ്പൊ. 2:38; 22:16 എന്നീ ഭാഗങ്ങൾ വായിക്കുക

യേശുവിന്റെ മരണത്തിൽ വിശ്വസിക്കുമ്പോൾ നമ്മുടെ പാപങ്ങൾ കഴുകിക്കളയപ്പെടുന്നതിന്റെ സൂചനയാണ് സ്നാനം.

സ്നാനത്തിലൂടെ ഒരാൾ:

– പാപത്തിൽനിന്നു വിടുതലും യേശുവിലുള്ള വിശ്വാസവും പ്രഖ്യാപിക്കുന്നു.

— സുവിശേഷത്തിന്റെ അനുഗ്രഹങ്ങൾക്ക് ദൈവത്തിലേക്ക് നോക്കുന്നു: **പാപങ്ങൾ ക്ഷമിക്കപ്പെട്ട്, പരിശുദ്ധാത്മാവ്** അവരിൽ വസിക്കുന്നു

❹ 📖 അപ്പൊ. 2:41 വായിക്കുക

നാം ദൈവജനത്തോട് ചേരുന്നു എന്നതിന്റെ 'പുറമെയുള്ള' കാഴ്ചയാണ് സ്നാനം. ക്രിസ്ത്യാനികൾ 'ക്രിസ്തുവിന്റെ ശരീരമായ' സഭയുടെ ഭാഗമാണ്. (📖എഫെ. 4:4-5, 15-16).

അതുകൊണ്ട് **സഭാജീവിതത്തിൽ നാം മുഴുവനായി പങ്കെടുക്കണം.**

നിങ്ങൾക്ക് മനസ്സിലായോ എന്ന് അറിയാൻ ചില ചോദ്യങ്ങൾ...

❺**സ്നാനം രക്ഷിക്കുമോ?** (📖ലൂക്കൊ. 23:42-43, അപ്പൊ. 16:31).

സ്നാനം **'ഉള്ളിലെ മാറ്റത്തിന്റെ പുറത്തെ അടയാളം.'**

❻ **'അപ്പോൾ സ്നാനം വേണമെങ്കിൽ ആവാം' എന്നാണോ?**

(സൂചന: 'കല്പന', മത്തായി 28:19)

നിങ്ങൾ രക്ഷിക്കപ്പെട്ടുവെങ്കിൽ തീർച്ചയായും സ്നാനം ആഗ്രഹിക്കും!

❼ **'ആരാണ് സ്നാനമേൽക്കേണ്ടത്?**

പുതിയ നിയമത്തിലെ ഉദാഹരണങ്ങളെല്ലാം വിശ്വസിച്ചവരുടേതാണ്... ഉദാ: 📖 അപ്പൊ. 16:14-15, 31-33 വായിക്കുക.

സ്നാനം സൂചിപ്പിക്കുന്ന കാര്യങ്ങൾ സത്യവിശ്വാസികൾക്ക് മാത്രം!

പഴയ നിയമത്തിൽ, കുഞ്ഞുങ്ങൾ ദൈവജനത്തിന്റെ ഭാഗമാണെന്ന് കാണിക്കാൻ അവർക്ക് പരിച്ഛേദന നൽകി.. എന്നാൽ പുതിയ നിയമത്തിൽ, നാം ആത്മീയ ജനമാണ്, ഒരു രാജ്യമല്ല - എല്ലാവരും ദൈവത്തെ അറിയുന്നു (യിരെമ്യാവ് 31:33-34). അത് വിശ്വാസമാണ് (യോഹ. 1:12-13).

❽ **'വിശ്വാസികൾ എങ്ങനെയാണ് സ്നാനമേൽക്കേണ്ടത്?**

(ശ്രദ്ധിക്കുക: യേശുവിന്റെ സ്നാനം വെള്ളത്തിൽ മുങ്ങി, മർക്കൊ. 1:5,10)

❾ **'സഭാജീവിതത്തിൽ നിങ്ങൾക്ക് എങ്ങനെ 'പൂർണ്ണ പങ്ക് വഹിക്കാൻ' കഴിയും?**

9. സഭ



❶ എന്താണ് സഭ? 'സഭ' എന്ന വാക്കിന്റെ അർത്ഥം ഒരു --- --- --- --- --- എന്നാണ്.

പുതിയ നിയമത്തിൽ ഇത് രണ്ട് വിധം ഉപയോഗിച്ചിരിക്കുന്നു:

- പ്രാദേശിക സഭകൾ. 📖 അപ്പൊ. 11:25-26; അപ്പൊ. 14:23.
- സാർവത്രിക സഭ (എല്ലാ കാലത്തുമുള്ള എല്ലായിടത്തുമുള്ള വിശ്വാസികൾ). 📖 എഫെ. 3:21

സഭയെ **'ക്രിസ്തുവിന്റെ ശരീരം'** എന്ന് വിളിക്കുന്നു, ഇത് വിശ്വാസികളുടെ ഒരു കൂട്ടായ്മയാണ്. 📖 എഫെ. 1:22-23, 5: 29-30

❷ **ആരാണ് ഇതിലെ അംഗങ്ങൾ?** ക്രിസ്തുവിലുള്ള വിശ്വാസത്തിലേക്ക് വിളിക്കപ്പെട്ടവരും തന്നാൽ വീണ്ടെടുക്കപ്പെട്ടവരുമായ ആളുകൾ. 📖 1 കൊരി. 1:2

സ്നാനമേൽക്കുന്നതിലൂടെയും മറ്റ് വിശ്വാസികളോടൊപ്പം ഒത്തുകൂടുന്നതിലൂടെയും അവർ ക്രിസ്തുവിലുള്ള തങ്ങളുടെ വിശ്വാസം കാണിക്കുന്നു. 📖 അപ്പൊ. 14:27, 1 കൊരി. 11 : 18

❸ **പ്രാദേശിക സഭയുടെ ധർമ്മങ്ങൾ എന്തൊക്കെയാണ്?**

(a) ദൈവാരാധന. 📖 യോഹ. 4:23-24

(b) സത്യം പഠിപ്പിക്കുന്നതും പ്രസംഗിക്കുന്നതും. 📖 പൗലൊസിന്റെ ഉദാഹരണം: അപ്പൊ. 20:25-31

(c) സ്നാനവും കർത്താവിന്റെ തിരുവത്താഴവും. 📖 അപ്പൊ. സ1 9:4-5; 1 കൊരി. 11:23-32.

(d) കൂട്ടായ്മ - ആത്മീയ കാര്യങ്ങൾ പങ്കുവെക്കുന്നത്. 📖 അപ്പൊ. 2:42

(e) അച്ചടക്കം. 📖 മത്തായി 18:15-18

(f) സുവിശേഷീകരണം (മിഷൻ). 📖 മത്താ. 28:19-20

❹ **സഭ എങ്ങനെയാണ് ക്രമീകരിച്ചിരിക്കുന്നത്?**

- ക്രിസ്തു തലയായിരുന്ന് ഭരിക്കുന്നു. 📖 എഫെസ്യർ 1:22-23
- ക്രിസ്തുവിന്റെ അധികാരം ഇതിലൂടെ നടപ്പാകുന്നു:

– മൂപ്പന്മാർ /കാര്യദർശികൾ /പാസ്റ്റർമാർ. 📖 1 പത്രോ. 5:1- 3
– കൂടിവരുന്ന സഭ. 📖 1 കൊരി. 5:1-3, 13

പ്രാദേശിക സഭാ നേതാക്കൾ: ഓരോ പ്രാദേശിക സഭയിലും **നേതൃത്വം** നൽകുന്ന ഒരു കൂട്ടം ഉണ്ടായിരുന്നു. പ്രസംഗിക്കുക, പഠിപ്പിക്കുക, ഭരിക്കുക, ഇടയവേല ചെയ്യുക, നല്ല മാതൃകയായിരിക്കുക എന്നിവയാണ് അവരുടെ ചുമതല. സഭയെ സഹായിക്കാൻ **ശുശ്രൂഷകന്മാരുടെ** ഒരു കൂട്ടവും ഉണ്ടായിരുന്നു. കാണുക 📖 ഫിലി. 1 :1; 1 തിമൊ. 3:1-13

ഇടയന്മാരും, കാര്യദർശികളും (ബിഷപ്പന്മാർ) സഹ ഇടയന്മാരും എന്നു വിളിക്കാറുണ്ട്..... ഈ പദവികൾ വഹിക്കുന്നത് അതേ ആളുകൾതന്നെ

പ്രാദേശിക സഭാംഗങ്ങൾ സഭയിൽ ആരൊക്കെയുണ്ടെന്ന് ആദ്യകാല സഭകൾ കൃത്യമായി മനസ്സിലാക്കിയിരുന്നു, ഉദാ: 📖 1 കൊരി. 5:13. സാധ്യമാകുന്നിടത്തോളം, എല്ലാ ക്രിസ്ത്യാനികളും ഒരു പ്രാദേശിക സഭയുടെ ഭാഗമായിരിക്കണം. 📖 എബ്രാ. 10:24-25; അപ്പൊ. 2:43-47.

ആർക്കാണ് സഭാംഗമാകാൻ കഴിയുക? നിങ്ങൾ... **ഒരു വിശ്വാസിയായിരിക്കണം** + സ്നാനമേറ്റവനായിരിക്കണം + ആ ശരീരത്തോടൊപ്പം ഐക്യത്തിലും സ്നേഹത്തിലും മുന്നോട്ടുപോകാൻ സന്നദ്ധതയുള്ള ആളായിരിക്കണം.

കർത്താവിന്റെ തിരുവത്താഴം

– 'അവിടുന്നു വരുന്നതുവരെ തന്നെ ഓർമ്മിക്കുവാൻ' കർത്താവ് നമ്മോട് കല്പിച്ചിരിക്കുന്നു. 📖 1 കൊരി. 11:17-26

കർത്താവിന്റെ തിരുവത്താഴം എന്ത് സൂചിപ്പിക്കുന്നു?

- അത് കർത്താവിന്റെ മരണത്തിനു സാദൃശ്യമായ ഒരു **അടയാളം.** 📖 1 കൊരിന്ത്യർ 11:26
- അതൊരു **മുദ്രയാണ്** (സമ്മതം) ക്രിസ്തു തങ്ങളെ സ്നേഹിക്കുന്നു എന്ന ഉറപ്പ് വിശ്വാസികൾക്ക് ലഭിക്കുകയും, ആ സ്നേഹത്തിന്റെ തെളിവ് അവരെ ഓർമ്മിപ്പിക്കുകയും ചെയ്യുന്നു.

ഇതിൽ പങ്കെടുക്കുക എന്നതിനർത്ഥം കൂട്ടായ്മ, സഹവാസം, പങ്കുവെക്കൽ എന്നിവയാണ്. 📖 1 കൊരിന്ത്യർ 10:14-17

10. ക്രിസ്ത്യാനിയായി ജീവിക്കുന്നത്



❶ 📖 മത്തായി 28:18-20 വരെ യേശു തന്റെ അനുയായികളെക്കുറിച്ച് വിവരിക്കുന്നു:

ആദ്യം അവർ സ്നാനമേൽക്കുന്നു... പിന്നെ അവർ എന്താണ് പഠിക്കേണ്ടത്? യേശു അവർക്ക് എന്തുവാഗ്ദാനം നൽകുന്നു?

❷ ആ ജീവിതത്തിനു **പ്രേരിപ്പിക്കുന്നത്** എന്താണ്?

📖 യോഹ. 14:15 വായിക്കുക

ക്രിസ്ത്യാനികൾ എന്തിന് യേശുവിനെ സ്നേഹിക്കുന്നു?

❸ ആ ജീവിതത്തിനുള്ള **ശക്തി** എവിടെനിന്ന് ലഭിക്കും?

📖 ഫിലി. 2:12 നോക്കുക ...അതുകൊണ്ട് നാം പ്രാ --- --- --- ണം!

വിശ്വാസികളിലുള്ള പരിശുദ്ധാത്മാവിൽ ദൈവം പ്രവർത്തിക്കുന്നു.

❹ 📖 എബ്രാ. 10:24-25 ജീവിതത്തിന് ഏറെ സഹായം ലഭിക്കുന്നു: അത് എന്തു കൽപ്പിക്കുന്നു? സഭാജീവിതത്തിൽ എപ്രകാരം സേവനം ചെയ്യാം? (വാക്യം 25-ലെ ആശയം. മറ്റൊരു പ്രായോഗിക ഉദാഹരണം ചിന്തിക്കുക...)

❺ സഭയിലും വീട്ടിലും നാം എങ്ങനെ ചിന്തിക്കണം ജീവിക്കണം?

📖 2 തിമൊ. 3:15-17 വായിക്കുക

❻ 'ഉദാഹരണം: ക്രിസ്ത്യാനികൾ ചെയ്യേണ്ട രണ്ട് കാര്യങ്ങൾ:

📖 1 പത്രൊ. 3:15. അതെന്താണ്?
നിങ്ങൾക്ക് ഇത് ബുദ്ധിമുട്ടാണോ?
ഇതിൽ എങ്ങനെ മെച്ചപ്പെടാം?

📖 ഗലാ. 6:10. ഒരു പ്രായോഗിക ഉദാഹരണം:
(a) ഭവനത്തിൽ
(b) മറ്റ്കുട്ടികളുമായി പള്ളിക്കൂടത്തിൽ

❼ നമ്മുടെ എല്ലാ കാര്യങ്ങളിലും നമ്മുടെ ലക്ഷ്യം എന്ത്?
📖 1 കൊരിന്ത്യർ 10:31...

ദൈവത്തെ ഏറെ അറിഞ്ഞ് തന്റെ ഇഷ്ടപ്രകാരം ജീവിക്കുമ്പോൾ, നാം കൂടുതൽ ആനന്ദിക്കും - സങ്കീ. 37:4 വായിക്കുക.

❽ "തന്റെ ജനത്തിനായി **ദൈവത്തിന്റെ വലിയ ലക്ഷ്യമാണ്** റോമ. 8:29 - ൽ കാണുന്നത്

'അനുരൂപരാകുക...' എന്നാൽ ലളിതമായി യേശു .... നെ --- ലെ ആകുക!

ഏത് ബൈബിൾ വാക്കാണ് ഇത്തരം ജീവിതത്തെ വിവരിക്കുന്നത്? വി --- --- --- (📖 1 പത്രോ. 1:15-16 കാണുക)

❾ അപ്പോൾ **പാപം ചെയ്യുന്നതിൽ** എന്ത് സംഭവിക്കണം, എങ്ങനെ? 📖 റോമർ 8:13

❿ 📖 കൊലൊസ്സ്യർ 1:10-12 ഇതിന്റെ ഒരു മികച്ച സംഗ്രഹം.

വിശ്വാസികൾ വി --- --- ജീവിതം നയിച്ച്,

എല്ലാ കാര്യങ്ങളിലും 'കർത്താവിനെ പ്ര ---- ദി --- ക്കണം!

"ദൈവകൃപ സമ്പാദിക്കാമെന്ന് ഇതിന് അർത്ഥമില്ല." എന്നാൽ യോഗ്യനായ ദൈവത്തിനെ ശരിയാംവണ്ണം ആളുകൾക്കു മാതൃകയായി പിൻപറ്റുക

പൗലൊസിന്റെ നാല് ഉദാഹരണങ്ങൾ:

- ഫ --- പു --- --- --- ക്കണം (വാ. 10)
- ദൈവത്തെക്കുറിച്ചുള്ള പ --- --- --- ത്തിൽ വളരുക (വാ. 10)
- രക്ഷയ്ക്കായി ദൈവത്തിന് ——— കരേറ്റുക (വാ. 12)
- കാര്യങ്ങൾ പ്രയാസമാകുമ്പോൾ ക്ഷീണിക്കരുത് (വാ. 11) — ഇത് എങ്ങനെ സാധിക്കും?

വാക്യം 4-ൽ പൗലൊസ് സൂചിപ്പിക്കുന്ന രണ്ട് പ്രധാന നിലപാടുകൾ?

ദൈവത്തെ മഹത്വപ്പെടുത്താനും ഫലം കായ്ക്കാനും കഴിയുന്ന കൂടുതൽ കാര്യങ്ങൾ ചിന്തിക്കുക... (യേശുവിനെ അനുഗമിക്കാനും, അനുസരിക്കാനും, സ്നേഹിക്കാനും പ്രസാദിപ്പിക്കാനും, തന്നെപ്പോലെ ആകാനും)

11. ഒരു ക്രിസ്ത്യാനിയായി വളരുന്നത്

ദൈവം തന്റെ ജനം പരിശുദ്ധരായിരിക്കാൻ ആഗ്രഹിക്കുന്നുവെന്ന് കഴിഞ്ഞ തവണ നാം കണ്ടു. 1 പത്രൊ. 1:15-16

❶ **എന്താണ് വിശുദ്ധി?** അടിസ്ഥാനപരമായ ആശയങ്ങൾ:

(a) ദൈവത്തിനായുള്ള വേ ---- --- ട്

(b) നിർ --- --- ത



❷ **എന്താണ് വിശുദ്ധീകരണം?**

വിശ്വാസിയുടെ ഹൃദയം, മനസ്സ്, ഇഷ്ടം, സ്വഭാവം എന്നിവ രൂപാന്തരപ്പെടുന്ന പ്രക്രിയയാണ് *വിശുദ്ധീകരണം*. അവർ കൂടുതലായി ക്രിസ്തുവിനെപ്പോലെ ആയിത്തീരുന്നു. മരിക്കുമ്പോൾ അവർ വിശുദ്ധിയിൽ പൂർണ്ണരാക്കപ്പെടുകയും, ക്രിസ്തു മടങ്ങിവരുമ്പോഴുള്ള പുനരുത്ഥാനത്തിൽ അവരുടെ ശരീരം ക്രിസ്തുവിന്റെ ശരീരത്തിന് തുല്യമാകുകയും ചെയ്യും. നാം എന്തിനുവേണ്ടിയാണ് രക്ഷിക്കപ്പെട്ടത് എന്ന് എപ്പോഴും ഓർക്കുക: 📖 എഫെസ്യർ 1:4; റോമർ 8:29.

ഈ വിശുദ്ധീകരണ പ്രക്രിയ മൂന്ന് ഘട്ടങ്ങളുള്ള ഒരു റോക്കറ്റ് പോലെയാണ്:

കുതിച്ചുയരൽ – പാപത്തിൽനിന്നു പൂർണ്ണ വേർപാട്. ഇത് മാനസാന്തരവേളയിൽ സംഭവിക്കുന്നു. അതിന് മുമ്പ് നാം പാപത്തിന്റെ ശക്തിക്കും ആധിപത്യത്തിനും അടിമകളാണ്. മാനസാന്തരപ്പെടുമ്പോൾ ആ ശക്തി തകർക്കപ്പെട്ട് നാം പാപത്തിന്റെ പിടിവിട്ട് ദൈവരാജ്യത്തിൽ ആക്കപ്പെടുന്നു. 📖 റോമ. 6:2-6, കൊലൊ. 1:12-14

പാപത്തിൽ നിന്നുള്ള ഈ ആദ്യ വേർപാട് നാം പാപമില്ലാത്തവരാണെന്ന് അർത്ഥമാക്കുന്നില്ല. നാം ഇനി പാപത്തിന് അടിമകളല്ല എന്നാണ് അതിനർത്ഥം. രൂപാന്തരപ്പെടുവാൻ നമുക്ക് ശക്തിയുണ്ട്, നാം അങ്ങനെ ജീവിക്കണം. ദൈവത്തെ സേവിക്കാൻ നാം സ്വതന്ത്രരാക്കപ്പെടുന്നു.

പടിപടിയായുള്ള – മാറ്റം - ഈ ലോകത്തിലൂടെ സ്വർഗ്ഗീയ യാത്ര

(a) ദൈവയിഷ്ടം ചെയ്യാൻ കഴിയേണ്ടതിന് ദൈവം നമ്മിൽ പ്രവർത്തിക്കുന്നു. 📖 ഫിലി. 2:12-13

(b) നമ്മിൽ ഇപ്പോഴും പാപത്തോടുള്ള ഒരു പോരാട്ടമുണ്ട്. 📖 റോമർ 8:13

(c) ജീവിത വിശുദ്ധിയിൽ ജീവിപ്പാനുള്ള ഉത്തരവാദിത്തം നമുക്കുണ്ട്. 📖 2 പത്രൊസ് 1:3-11

(d) ഇത് ആത്മീയ പോരാട്ടം. 📖 എഫെ. 6:10-18, 1 പത്രൊ. 5:8-9

നാം ക്രമേണ മാറ്റപ്പെടുമ്പോൾ ചെയ്യാവുന്നതും അരുതാത്തതുമായ കാര്യങ്ങൾ നോക്കുക:
അരുതാത്തവ: 📖 റോമ. 8:13; എഫെ. 4:25,31
ചെയ്യേണ്ടവ: 📖 റോമ. 13:11-14; എഫെ. 5:1-2

❸ഈ മാറ്റത്തിനുള്ള പ്രായോഗിക കാര്യങ്ങൾ എന്തെല്ലാം?

(a) പ്രാ --- --- --- --- ക 📖 എഫെ. 6:18

(b) ബൈ --- --- വായിക്കുക - ഇത് ചിന്തകളെ ശരിയാക്കുകയും ദൈവം നമ്മെക്കൊണ്ട് ചെയ്യിക്കാൻ ആഗ്രഹിക്കുന്നവയ്ക്കായി നമ്മെ ഒരുക്കുകയും ചെയ്യുന്നു.
📖 2 തിമൊ. 3:15-16; സങ്കീ. 119:9-16; റോമ. 12:1-2

(c) സ --- --- ലെ സജീവ പങ്കാളിത്തം. എഫെ. 4:11-16

(d) ആരാധനയിലും കൂട്ടായ്മയിലും പങ്ക് 📖എബ്രാ. 10:24,25

(e) ആളുകളോട് യേശുവിനെക്കുറിച്ച് പ --- --- --- . 📖 മത്താ. 28:18-20

സ്വർഗ്ഗത്തിൽ എത്തിച്ചേരൽ — *അന്തിമ: തേജസ്കരണം*

(a) അത് ഉറപ്പ്. 📖 റോമ. 8:28-30. വാസ്തവമായി രക്ഷിക്കപ്പെട്ടവർ ക്രിസ്തുവിനെ തുടരെ അനുഗമിച്ച്, ദൈവം പദ്ധതിയിട്ടതും വാഗ്ദാനം ചെയ്തതുപോലെ സ്വർഗ്ഗത്തിൽ എത്തിച്ചേരുകയും ചെയ്യും.

(b) അത് ക്രിസ്തുവിനെപ്പോലെ ആകുന്നതാണ്. 📖1 യോഹ. 3:2; ഫിലി. 3:21

സ്വന്തം ജീവിതം എങ്ങനെ മാറണം, നിങ്ങൾ എന്ത് ഉപേക്ഷിക്കണം, എന്ത് വളർത്തിയെടുക്കണം എന്ന് ചിന്തിക്കുക.

12. ബൈബിൾ വായനയും പ്രാർത്ഥനയും

❶ 📖 എഫെസ്യർ 6:10-13; 17-18 എന്നിവ വായിക്കുക
ക്രിസ്തീയ ജീവിതം ഒരു പോ --- --- --- ണ്. നിങ്ങൾ ഉറ --- --- --- ക്ക ണം.
ക്രിസ്ത്യാനിയുടെ ഒരേയൊരു ആയുധം എന്ത്? (വാൾ, വാക്യം 17)
പൗലൊസ് പറയുന്ന പ്രവൃത്തി എന്ത്? (വാക്യം 18)
ഇവയില്ലാതെ നമുക്ക് യാതൊരു സാധ്യതയുമില്ല!



❷ **ബൈബിൾ** 📖 2 തിമൊ. 3:15-17 വരെ വായിക്കുക
ബൈബിൾ എവിടെ നിന്നാണ് വരുന്നത്? (വാക്യം 16)
ബൈബിൾ വായിച്ചാൽ ക്രിസ്ത്യാനിയാകുമോ? (വാക്യം 15)
അത് എന്താണ് ചെയ്യുന്നത്? (വാക്യം 15,17)

- ഉപദേശം = നാം എന്താണ് വിശ്വസിക്കേണ്ടതെന്ന്
- നീതിയിലെ ശിക്ഷണം = നാം എങ്ങനെ ജീവിക്കണമെന്ന്
- ശാസന = നാം ചിന്തിച്ച്, ചെയ്യുന്നത് നിർത്തേണ്ട കാര്യങ്ങൾ
- ഗുണീകരണം = മാറേണ്ട കാര്യങ്ങൾ

ഇവയോരോന്നിനും നിങ്ങളുടെ ജീവിതത്തിൽനിന്നുള്ള ഒരു പ്രായോഗിക ഉദാഹരണം ചിന്തിക്കുക.

❸ ബൈബിൾ കേൾക്കാനുള്ള മൂന്ന് സ്ഥലങ്ങൾ
(i) സ ——— യിൽ (📖 1 തിമൊ. 4:13)
(ii) ഭവ ——— (📖 ആവ. 6:4-7)
(iii) നിങ്ങൾ അത് വാ——— നതിലൂടെ! (📖 സങ്കീ. 119:97)

❹ നിങ്ങൾ എങ്ങനെ ശ്രദ്ധിക്കണം? 📖 അപ്പൊ. 17:11
കേൾക്കുമ്പോൾ, നിങ്ങളുടെ ജീവിതത്തിൽ അത് എങ്ങനെ ചെയ്യാമെന്ന് ചിന്തിക്കുക.

❺ **പദ്ധതിയിടുക!** നിങ്ങൾക്ക് ബൈബിൾ വായിക്കാൻ പറ്റിയ ഏറ്റവും നല്ല സ്ഥലവും സമയവും ഏതാണ്? മുഴുവൻ ബൈബിളും വായിച്ചു എന്ന് ഉറപ്പുവരുത്താനുള്ള (ഒടുവിൽ!) ഏറ്റവും നല്ല വഴി ഏതാണ്?

❻ 'വായിക്കുമ്പോൾ നിങ്ങൾക്ക് പ്രയോജനം ലഭിക്കാൻ സഹായിക്കുന്ന ഒരു നിർദ്ദേശം:

പ്രാർത്ഥനയോടെ ആരംഭിക്കുക

എല്ലാ ദിവസവും കുറിപ്പ് എഴുതുക:

- ഏത് വാക്യങ്ങൾ വായിച്ചു
- നിങ്ങൾ പഠിച്ച ഒരു കാര്യത്തെക്കുറിച്ച് പ്രാർത്ഥിച്ചു നിർത്തുക.

<u>ഒരുമിച്ച് ഇതൊന്ന് പ്രായോഗികമായി ചെയ്തുനോക്കുക</u>



❼ **<u>പ്രാർത്ഥന.</u>** എന്താണ് പ്രാർത്ഥന? 📖 <u>മത്തായി 6:6</u>

പാപികൾക്ക് എങ്ങനെ പാപത്തെ വെറുക്കുന്ന പരിശുദ്ധ ദൈവത്തെ സമീപിക്കാം? 📖 <u>എബ്രാ. 10: 19;</u> വാ. <u>22</u> (4:16 കാണുക)



❽ "നമുക്ക് എപ്പോൾ, എവിടെ പ്രാർത്ഥിക്കാം?

- എവിടെവെച്ചും 📖 നെഹെ. 2:4-5...
- സഭയിൽ. 📖 <u>അപ്പൊ. 2:42</u> - വരാനാവുമ്പോൾ...?
- വീട്ടിൽ. നിങ്ങൾ കുടുംബമായി ഒരുമിച്ച് പ്രാർത്ഥിക്കാറുണ്ടോ?
- തനിയെ. 📖 <u>മർക്കൊ.</u> 1:35. നിങ്ങൾക്ക് ഒരു **പദ്ധതി** ആവശ്യം!

ഏറ്റവും യോജിച്ച സമയവും സ്ഥലവും <u>കണ്ടെത്തുക.</u>

❾ "പ്രാർത്ഥിക്കാൻ സഹായിക്കാൻ ദൈവത്തോട് അപേക്ഷിക്കുക! നിങ്ങളെ സഹായിക്കുന്ന രണ്ട് നിർദ്ദേശങ്ങൾ...

📖 <u>മത്തായി 6:9-13</u>

<u>പിതാവിനെപ്പോലെ ദൈവത്തിന്റെ അടുക്കൽ വരുന്നത്</u>

ദൈവത്തിന് ഒന്നാം സ്ഥാനം നൽകുന്നത്

ദൈവമഹത്ത്വം, രാജ്യം, കല്പനകൾ

<u>ദൈവത്തിൽ ആശ്രയിക്കുന്നത്</u>

...ആഹാരത്തിനും പാപക്ഷമയ്ക്കും സഹായത്തിനും

<u>പ്രാർത്ഥനയുടെ ഒരു മാതൃക</u>

- സ്തോത്രം - 📖 സങ്കീ. 117
- ഏറ്റുപറച്ചിൽ
- നന്ദി കരേറ്റുക
- മറ്റുള്ളവർക്കുവേണ്ടി - 📖 കൊലൊ. 1:10-12
- അപേക്ഷ 📖 ഫിലി. 4:6

<u>ഈ ഒരു മാതൃകയിൽ ഇപ്പോൾ തന്നെ പ്രാർത്ഥിക്കുക.</u>

കുട്ടികൾക്കുവേണ്ടിയുള്ള ഈ പഠന പുസ്തകത്തിന്റെ കൂടുതൽ പ്രതികൾ ആവശ്യമുള്ളവർ താഴെപ്പറയുന്ന മേൽവിലാസത്തിൽ ബന്ധപ്പെടുക:

TFK CHRISTIAN EDUCATIONAL CENTER
CHEPPAD P.O;
ALLEPPEY DIST 690 507
Email: tfkchristianeducation@gmail.com
Phone: 9666913402

Notes:

- പാഠങ്ങൾ പഠിക്കുകയും പ്രവത്തിക്കുകയും
- കുടുംബത്തിലും കൂട്ടങ്ങളിലും ചോദ്യങ്ങളും ചർച്ചകളും
- വിശ്വാസത്തിന്റെ ഒരു അടിസ്ഥാനം പണിയുക !



"ബാലൻ നടക്കേണ്ടുന്ന വഴിയിൽ അവനെ അഭ്യസിപ്പിക്ക;
അവൻ വൃദ്ധനായാലും അതു വിട്ടുമാറുകയില്ല"

(സദൃശവാക്യങ്ങൾ 22:6)